# ഭരണം വേറെ, സമരം വേറെ

**ഇന്ത്യയുടെ** സാമ്പത്തിക തലസ്ഥാനമായി അറിയപ്പെടുന്ന മുംബൈ നഗരത്തിലേക്ക് നടന്നെത്താൻ മഹാരാഷ്ട്രയിലെ ഗ്രാമീണ കർഷകർക്ക് ഒരു ലോംഗ് മാർച്ച് തന്നെ വേണ്ടിവന്നു. ഇരുന്നൂറ് കിലോമീറ്ററോളം കാൽനടയായി യാത്രചെയ്താണ് ഏറെ ചർച്ചചെയ്യപ്പെട്ട മഹാരാഷ്ട്രയിലെ കർഷക പ്രക്ഷോഭം മുംബൈയിലെത്തിയത്. മഹാനഗരത്തിലെ ആഢംബര സൗധങ്ങൾക്ക് നടുവിലൂടെ നടന്നുനീങ്ങിയ ലോംഗ് മാർച്ചിലെ മുഖങ്ങൾ മുംബൈയുടെ ദിനചര്യകൾക്ക് അപരചിതമായിരുന്നു. എങ്കിലും അന്നം തരുന്നവർക്കൊപ്പം നിൽക്കാൻ നഗരം നിശ്ചയിച്ചു. നഗരത്തിലേക്ക് കടന്ന മാർച്ചിനെ പാതയ്ക്ക് ഇരുവശത്തും നിന്നും മുംബൈക്കാർ അഭിവാദ്യം ചെയ്തു. നാസികിലെയും താനെയിലെയും പൽഗറിലെയും ദരിദ്ര കർഷകരോടുള്ള നഗരജനതയുടെ സഹാനുഭാവം. മഹാരാഷ്ട്രാ സർക്കാരും സമരശക്തിയെ മാനിച്ച് കർഷകരുടെ ആവശ്യങ്ങളെല്ലാം അംഗീകരിക്കാൻ സന്നദ്ധമായി. സമരത്തിന് നേതൃത്വം നൽകിയ സി.പി.എമ്മിന്റെ കർഷക സംഘടനയായ അഖിലേന്ത്യാ കിസാൻ സഭയ്ക്ക് അതിന്റെ രാഷ്ട്രീയ ചരിത്രത്തിലെ നിർണ്ണായക ഏടായിത്തീർന്നിരിക്കുന്നു ഈ സമരം. മഹാരാഷ്ട്രയിൽ സി.പി.എമ്മിന് എവിടെയും ഭരണപങ്കാളിത്തമില്ല. ഭരണസംവിധാനങ്ങളിൽ പ്രാതിനിധ്യമില്ലാത്ത ഒരു ഇടതുപക്ഷ പ്രസ്ഥാനം. അധികാരമില്ലാത്ത ഒരു സ്ഥലത്ത് കർഷകർക്കൊപ്പം നിൽക്കാൻ കഴിയുന്ന പാർട്ടിക്ക് അധികാരമുള്ള ഒരിടത്ത് കർഷകരുടെ സമരത്തെ മനസ്സിലാക്കാൻ പോലും കഴിയുന്നില്ല എന്ന അതിദയനീയ വൈരുദ്ധ്യത്തിലേക്ക് സി.പി.എം ദിവസങ്ങൾക്കുള്ളിൽ വഴുതിവീണു. മറ്റെങ്ങുമല്ല അത്, ഇന്ത്യയിൽ ഇന്ന് ആകെ ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിൽ തന്നെയാണ്.

നെൽവയലുകൾ സംരക്ഷിക്കുന്നതിനായി കണ്ണൂർ ജില്ലയിലെ കീഴാറ്റൂരിൽ നടക്കുന്ന കർഷകരുടെ സമരത്തെ അടിച്ചൊതുക്കിയും അവഹേളിച്ചും, ഭരണം കയ്യാളുന്ന സി.പി.എം (മഹാരാഷ്ട്രയിൽ കർഷക പ്രക്ഷോഭത്തിന് നേതൃത്വം നൽകിയ അതേ പാർട്ടിയുടെ കേരള ഘടകം) അധികാരപ്രമത്തതയുടെ വികൃതമുഖം തുറന്നുകാട്ടി. മാർച്ച് 14ന് വയൽക്കിളികൾ എന്ന പേരിൽ അറിയപ്പെടുന്ന കീഴാറ്റൂരിലെ സമരസമിതിയുടെ പന്തൽ സി.പി.എം കത്തിക്കുമ്പോൾ മഹാരാഷ്ട്രയിലെ സമരവിജയത്തിന്റെ അലയൊലികൾ അടങ്ങിയിട്ടുണ്ടായിരുന്നില്ല. എന്നിട്ടും, 2007ൽ ബംഗാൾ ഭരിച്ചിരുന്ന സി.പി.എം സർക്കാർ നന്ദിഗ്രാമിലെ കർഷകർക്ക് നേരെ വെടിയുതിർത്ത അതേ ദിവസം തന്നെ (മാർച്ച് 14) ഒരു കർഷക സമരപ്പന്തൽ അവർ കേരളത്തിൽ ചാരമാക്കിത്തീർത്തിരിക്കുന്നു. പാരിസ്ഥിതികമായ ആശങ്കകൾ ഉയർത്തിക്കാണിച്ചും ന്യായമായ ആവശ്യങ്ങളുന്നയിച്ചും നടക്കുന്ന കീഴാറ്റൂരിലെ കർഷക സമരത്തെ എങ്ങനെ അഭിമുഖികരിക്കണം എന്നുപോലും അറിയില്ല സി.പി.എം എന്ന ഭരണവർഗ്ഗ പാർട്ടിക്ക്. (ബംഗാളിലും ഭരണമായിരുന്നു പ്രശ്നം). കണ്ണൂരിൽ ഭരണാധികാരത്തിനൊപ്പം പാർട്ടി ഏകാധിപത്യം കൂടി വന്നുചേരുന്നതോടെ സി.പി.എമ്മിന്റെ സ്ഥിതി കൂടുതൽ വഷളാകുന്നു. കീഴാറ്റൂർ സമരത്തെ അധിക്ഷേപിക്കാൻ ഉപയോഗിക്കുന്ന ഭാഷയിൽ പോലും അധികാരത്തിന്റെയും ആധിപത്യത്തിന്റെയും ഗർവ് നിഴലിച്ചു നിൽക്കുന്നു. (സമരം കാറ്റുപോയ ബലൂൺ പോലെയാകുമെന്നാണല്ലോ സി.പി.എമ്മിന്റെ കണ്ണൂർ ജില്ലാ സെക്രട്ടറി പറഞ്ഞത്). അല്ലെങ്കിലും കേരളത്തിൽ ഉയർന്നുവന്നിട്ടുള്ള ഒരു ജനകീയ സമരത്തോടും ഒരു ഇടതുസർക്കാർ സ്വീകരിക്കേണ്ട സമീപനം സി.പി.എം ഭരണത്തിൽ നിന്നും ഒരിക്കലും ഉണ്ടായിട്ടില്ല. ജനകീയ സമരങ്ങളെയെല്ലാം വികസന വിരോധവും തീവ്രവാദവും ആരോപിച്ച്.തള്ളിക്കളയാൻ മാത്രമാണ് സി.പി.എം കേരളത്തിൽ ശീലിച്ചിരിക്കുന്നത്. പാർട്ടി ഗ്രാമമായ കീഴാറ്റൂരിൽ പാർട്ടി പ്രവർത്തകരും അനുഭാവികളും നടത്തുന്ന സമരമാകുമ്പോൾ പിടിവാശി അൽപ്പം കൂടും. എന്നിട്ടും നാടിന്റെ ഭക്ഷ്യസുരക്ഷയേയും ജലസമ്പത്തിനേയും സംരക്ഷിച്ചു നിർത്തുന്ന വയലുകൾ ഒരിക്കലും നികത്താൻ അനുവദിക്കില്ല കീഴാറ്റുകാരുടെ തീരുമാനത്തിന് മുന്നിൽ എല്ലാ ധാർഷ്ട്യങ്ങളും പരാജയപ്പെടുകയാണ്. ജനകീയ സമരങ്ങളോട് വച്ചുപുലർത്തേണ്ട ജനാധിപത്യപരമായ ഒരു സമീപനം വശമില്ലാത്തതിനാൽ തന്നെ ഇതിലും ഭേദപ്പെട്ടതൊന്നും സി.പി.എമ്മിൽ നിന്നും പ്രതീക്ഷിക്കേണ്ടതില്ല. അതാണ് ഭരണത്തിലുള്ള സി.പി.എമ്മും ഭരണമില്ലാത്ത സി.പി.എമ്മും തമ്മിലുള്ള വ്യത്യാസം; അല്ലെങ്കിൽ കേരളവും മഹാരാഷ്ട്രയും തമ്മിലുള്ള ഭിന്നത. ജനകീയ സമരങ്ങളുമായി ആരോഗ്യകരമായി സംവദിക്കാനുള്ള ശേഷി നഷ്ടമായിരിക്കുന്നു എന്നതാണ് ഭരണവർഗ്ഗ പാർട്ടിയായ സി.പി.എം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. തങ്ങളുടേതല്ലാത്ത സമരങ്ങളൊന്നും സമരങ്ങളല്ലെന്ന വാദം സി.പി.എമ്മിന്റെ രാഷ്ട്രീയ ജീർണ്ണതയെയാണ് വെളിപ്പെടുത്തുന്നത്. നവലിബറൽ നയങ്ങളെ ചെറുക്കും എന്ന് പാർട്ടി നയപരിപാടികളിൽ ഏറെ പ്രാമുഖ്യത്തോടെ എഴുതി വയ്ക്കുമ്പോഴും സി.പി.എമ്മിന് ഭരണമുള്ള ഇന്ത്യയിലെ ഏക സംസ്ഥാനത്ത് പോലും ഉദാരവത്കരണ നയങ്ങൾക്ക് വിരുദ്ധമായ ഒരു വികസന കാഴ്ചപ്പാട് അവതരിപ്പിക്കുന്നതിനോ പരീക്ഷിക്കുന്നതിനോ അവർക്ക് കഴിയുന്നില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. അതുകൊണ്ടാണ് റോഡ് വികസനത്തിന് ഭരണനയങ്ങളിൽ പ്രാമുഖ്യം ലഭിക്കുന്നതും നെൽവയൽ സംരക്ഷണത്തിന് മുൻഗണന ലഭിക്കാത്തതും.

റോഡ് വികസനം എന്നത് അനിവാര്യമാണെന്ന് പറയുമ്പോഴും 45 മീറ്ററിൽ പണിയാൻ പോകുന്നത് ബി.ഒ.ടി ചുങ്കപ്പാതകളാണെന്നത് മറച്ചുവയ്ക്കുന്ന കപടതയ്ക്ക് ഏത് നവലിബറൽ നയത്തെയാണ് പ്രതിരോധിക്കാൻ കഴിയുന്നത്. കീഴാറ്റൂരിലേത് റോഡ് വികസനവുമായി ബന്ധപ്പെട്ട സമരമായതുകൊണ്ട് ഈ ഉദാഹരണം സൂചിപ്പിച്ചു എന്നുമാത്രം. വികസനനയങ്ങൾ നിശ്ചയിക്കുന്നതിൽ സി.പി.എം വർഷങ്ങളായി സ്വീകരിക്കുന്ന ഒരു പൊതുസമീപനത്തിന്റെ തുടർച്ചയാണിത്. പരിധിയില്ലാത്ത വളർച്ച എന്ന മുതലാളിത്തചിന്തയെ സ്വാംശീകരിച്ച ഭരണകൂടങ്ങളിൽ നിന്നും ഇടതുഭരണവും ഒട്ടും വ്യത്യസ്തമാകുന്നില്ല. ചങ്ങാത്ത മുതലാളിത്തവും ഫാസിസവും ഒത്തുചേർന്ന് വിഭവക്കൊള്ളയും അഴിമതിയും നടത്തുന്ന ദേശീയസാഹചര്യത്തിൽ ഇടതുപക്ഷത്തിന് എന്താണ് ചെയ്യാൻ കഴിയുന്നത്? മഹാരാഷ്ട്രയിലെ അനുഭവങ്ങൾ ഗുണപരമായ സൂചനകൾ നൽകുമ്പോഴും ഒരു ഭരണവർഗ്ഗ പാർട്ടി എന്ന നിലയിൽ സി.പി.എമ്മിന് ഒന്നും ചെയ്യാൻ കഴിയില്ല എന്നുതന്നെയാണ് കേരളം നൽക്കുന്ന ചിത്രം. അതുകൊണ്ടുതന്നെ, ഭരിക്കുന്നത് ആരാണെന്ന വ്യത്യാസമില്ലാതെ ജനങ്ങൾ അവരുടെ വിസമ്മതങ്ങൾ പ്രഖ്യാപിച്ചുകൊണ്ടിരുന്നാൽ മാത്രമേ ഒരു ജനാധിപത്യം ചലനാത്മകവും ജനാധികാരപരവും ആകുകയുള്ളൂ. കേരളീയം കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ മാസം നടന്ന 'റൈറ്റ് ടു ഡിസന്റ്' എന്ന കൂടിച്ചേരൽ അത്തരത്തിലുള്ള സംവാദങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കീഴാറ്റൂരിന്റെ ശബ്ദത്തിനൊപ്പം ആ പരിപാടിയുടെ വിശദാംശങ്ങളും ഈ ലക്കം വായനക്കാരുമായി പങ്കുവയ്ക്കുന്നു. ■